# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 140

08-06-2015- ൽ മറുപടിക്ക്

## വയബിലിറ്റി ഗ്യാപ്പ് ഫണ്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേന്ദ്രസർക്കാർ, സംസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നടപ്പാക്കുന്നതിന് മുന്നോട്ടു വച്ച വ്യവസ്ഥകൾ എന്തെല്ലാം; ആയത് അടങ്ങിയ രേഖകൾ ലഭ്യമാക്കാമോ; | (എ) കേന്ദ്ര സർക്കാർ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിന് പ്രസിദ്ധീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളും വ്യവസ്ഥകളുടേയും രേഖ അനുബന്ധമായി ചേർക്കുന്നു. |
| (ബി) വയബിലിറ്റി ഗ്യാപ് ഫണ്ട് ലഭിക്കുന്നതിന് വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ കാര്യത്തിലുണ്ടായിരുന്ന തടസ്സങ്ങൾ എന്തെല്ലാം; ഇത് മാറ്റി കിട്ടുന്നതിന് അദാനി പോർട്സും സംസ്ഥാന സർക്കാരും സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ; | (ബി) കേന്ദ്ര സർക്കാർ 200 കോടിയിൽ കൂടുതൽ തുകയുള്ള വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് അനുവദിയ്ക്കുന്നത് മൂന്ന് ഘട്ടങ്ങളിലൂടെയാണ്. ഇവ Department of Economic Affairs (DEA) ലെ അഡീഷണൽ സെക്രട്ടറി ചെയർമാനായ എംപവേർഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ശുപാർശ, അതിന്റെ അടിസ്ഥാനത്തിൽ DEA സെക്രട്ടറി ചെയർമാനായ എംപവേർഡ് കമ്മിറ്റിയുടെ ശുപാർശ, അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ധനകാര്യ വകുപ്പു മന്ത്രി എടുക്കുന്ന തീരുമാനം എന്നിവയാണ്. മുകളിൽ പറഞ്ഞ രണ്ട് കമ്മിറ്റികളും വി.ജി.എഫ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന വിലയിരുത്തൽ പ്രക്രിയയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വി.ജി.എഫ് നിർദ്ദേശത്തിൽ ചില |

മാറ്റങ്ങൾ നിർദ്ദേശിയ്ക്കുകയും സംസ്ഥാന സർക്കാർ അവയിൽ ചിലത് സ്വീകരിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇവയെ തടസ്സമായി കാണാനാവില്ല. കമ്മിറ്റികൾ നിർദ്ദേശിച്ച മറ്റു ചില മാറ്റങ്ങൾ സംസ്ഥാന സർക്കാർ കമ്മറ്റികളുമായി നടത്തിയ ചർച്ചകളുടെ ഫലമായി പിന്നീട് വേണ്ടെന്നു വച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വി.ജി.എഫ് അനുമതി പ്രക്രിയയിൽ ബിഡ്ഡേർസ് ഭാഗഭാക്കല്ല. ആയതിനാൽ, അദാനി പോർട്ട്സ് ഉൾപ്പെടെ ഒരു ബിഡ്ഡറിനും വി.ജി.എഫ് ലഭിയ്ക്കുന്നതിനായി ഒരു നടപടിയും സ്വീകരിയ്ക്കുക സാധ്യമല്ല. വി.ജി.എഫ് അനുമതി വ്യവസ്ഥകൾക്കനുസൃതമായി തയ്യാറാക്കി നല്കിയിട്ടുള്ള കരടു കരാറിലെ എല്ലാ വ്യവസ്ഥകളും ബിഡ്ഡേർസ് അതേപടി പാലിക്കുവാൻ ബാധ്യസ്ഥരാണ്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**